മലയാള മനോരമ
13 March 2024

# ഡോ.എസ്. അയ്യപ്പന് ആദരം

കൊച്ചി● പത്മശ്രീ ജേതാവും ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) മുൻ ഡയറക്ടർ ജനറലുമായ ഡോ.എസ്. അയ്യപ്പന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ആദരം. സിഎംഎഫ്ആർഐയിൽ നടന്ന പരിപാടിയിൽ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. സമുദ്രമത്സ്യ മേഖലയിലെ ഗവേഷകരുടെ കൂട്ടായ്മയായ മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ (എംബിഎഐ) ഓണററി ഫെലോഷിപ് ചടങ്ങിൽ സമ്മാനിച്ചു.ഐസിഎആർ അസിസ്റ്റന്റ് ഡയറക്ടർ ജനറൽ ഡോ. ശുഭദീപ് ഘോഷ്, ഡോ.വി.വി. ആർ. സുരേഷ്, ഡോ. ഗ്രിൻസൻ ജോർജ്, ഡോ.രേഖ ജെ. നായർ എന്നിവർ പ്രസംഗിച്ചു.